പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 192 27. 6.11 ൽ മറുപടിയ്ക്ക്

## കേരള മാരിടൈം സൊസൈറ്റി

ചോദ്യം
ശ്രീ. ടി.എൻ.പ്രതാപൻ

മറുപടി
ശ്രീ. കെ.ബാബു
( എക്സൈസും തുറമുഖവും വകുപ്പു മന്ത്രി)

| | ചോദ്യം | | മറുപടി |
|---|---|---|---|
| എ | കേരള മാരിടൈം സൊസൈറ്റിയുടെ കീഴിൽ സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ സമഗ്ര വികസനത്തിനും തീരദേശങ്ങളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കുമോ ; | എ | കേരള മാരിടൈം സൊസൈറ്റി രൂപീകൃതമായത് സമുദ്രയാന മേഖലയിലെ വർദ്ധിച്ചുവരുന്ന തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനായി കേരളീയരെ പ്രാപ്തരാക്കുകയെന്ന ലക്ഷ്യത്തോടു കൂടിയാണ്. ഇതിനായി മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ സ്ഥാപിച്ച് സമുദ്രയാന മേഖലയുമായി ബന്ധപ്പെട്ട വിവിധ കോഴ്സുകൾ നടത്തി വരുന്നു. സംസ്ഥാനത്തെ തുറമുഖങ്ങളുടെ സമഗ്ര വികസനം തുറമുഖ വകുപ്പിന്റെ ചുമതലയിലാണ്. |
| ബി | മാരിടൈം ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ മുഖേന നടപ്പിലാക്കുന്ന പരിശീലന പദ്ധതികൾ ഏതൊക്കെയാണെന്നു വ്യക്തമാക്കുമോ; | ബി | ഡി.ജി. ഷിപ്പിംഗിന്റെ അംഗീകാരത്തോടെയുള്ള കോഴ്സുകളാണ് കേരളാ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നടപ്പിൽ വരുത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുവാൻ ഉദ്ദേശിക്കുന്ന കോഴ്സുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1) Diploma in Nautical Science ( 1 year duration)<br>2)Graduate Mechanical Engineering Programme ( 1 year duration)<br>3)Personal Safety and Social Responsibility ( 3 days duration)<br>4) Personal Survival Technique ( 3 days duration)<br>5) Elementary First Aid ( 3 days duration)<br>6) Oil Tanks Familiarization ( 3 days duration) |

| | | | |
|---|---|---|---|
| | | | 7) Free Prevention and Fire Fighting ( 3 days duration)<br>8) Orientation Course for Fisherman for Boat Master Drivers (4 days duration)<br><br>കേരള ഇൻലാന്റ് വെസ്സൽ റൂൾസ്, 2010-ന്റെ ഇംപ്ലിമെന്റേഷന്റെ ഭാഗമായി ബോട്ട് ക്രൂ ട്രെയിനിംഗ് കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ ഇപ്പോൾ നടത്തിവരുന്നുണ്ട്. |
| സി | സംസ്ഥാനത്ത് ഇപ്പോൾ ഏതൊക്കെ കേന്ദ്രങ്ങളിൽ മാരിടൈം ട്രെയിനംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട് ; | സി | കൊല്ലം ജില്ലയിലെ നീണ്ടകരയിലും, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരത്തും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ പ്രവർത്തിക്കുന്നുണ്ട്. |
| ഡി | സംസ്ഥാനത്ത് പുതുതായി എവിടെയൊക്കെ പരിശീലന കേന്ദ്രങ്ങൾ അനുവദിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ? | ഡി | തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ പോർട്ടിൽ ഒരു മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ